ഉത്തരം

അപേക്ഷ ലഭിച്ചാൽ അത് പരിശോധിച്ച് വേണ്ട നടപടി എടുക്കുന്നതാണ്.

ഐ. സി. ഡി. എസ്. പ്രോജക്ടുകൾ

423. [610] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പുതുതായി എത്ര ബ്ലോക്കുകളിൽ ഐ. സി. ഡി. എസ് പ്രോജക്ടുകൾ ആരംഭിക്കുവാനാണ് ഗവൺമെൻറ് ഉദ്ദേശിക്കുന്നത് ;

(ബി) അവ ഏതെല്ലാം ബ്ലോക്കുകളിൽ ?

ഉത്തരം

(എ) പുതുതായി 6 ബ്ലോക്കുകളിൽ ഐ. സി. ഡി. എസ്. പ്രോജക്ട് ആരംഭിക്കാമെന്ന് കേന്ദ്ര ഗവൺമെൻറ് അറിയിച്ചിട്ടുണ്ട്.

(ബി) ബ്ലോക്കുകൾ ഏതെല്ലാമാണെന്ന് തീരുമാനിച്ചിട്ടില്ല.

അഴുത ഐ. സി. ഡി. എസ്. പ്രോജക്റ്റ്

424. [611] ശ്രീ. കെ. കെ. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) അഴുത ബ്ലോക്കിൽ ഐ. സി. ഡി. എസ്. പ്രോജക്റ്റ് അനുവദിക്കുന്നതിന് സർക്കാരിന് ഉദ്ദേശമുണ്ടോ ;

(ബി) ഐ. സി. ഡി. എസ്. പദ്ധതി തുടങ്ങുന്നതിന് അടിയന്തിര നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ, ബി) ഈ വർഷം ഏതെല്ലാം ബ്ലോക്കുകളിലാണ് ഐ. സി. ഡി. എസ്. പദ്ധതി തുടങ്ങേണ്ടതെന്ന് തീരുമാനമായിട്ടില്ല.

425. [613] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ഇപ്പോൾ എത്ര പേർക്ക് അഗതി പെൻഷൻ കൊടുക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1986 മാർച്ച് 15 വരെ അഗതി പെൻഷൻ വകയിൽ എത്ര രൂപ കൊടുത്തു തീർത്തിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(സി) 1986 മാർച്ച് 15 വരെ അഗതി പെൻഷൻ വകയിൽ കൊടുത്ത് തീർക്കുവാനുള്ള കുടിശ്ശിക എത്ര ;

(ഡി) കുടിശ്ശിക മുഴുവനും എന്നു കൊടുത്തു തീർക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി ആകെ 69,844 പേർക്ക് അഗതി പെൻഷൻ നല്കുന്നുണ്ട്. ബാക്കി ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) തിരുവനന്തപുരം, ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി 3,58,79,792.10 (മൂന്നു കോടി അമ്പത്തിയെട്ട് ലക്ഷത്തി എഴുപത്തി ഒമ്പതിനായിരത്തി എഴുനൂറ്റി തൊണ്ണൂറ്റിരണ്ട് രൂപ പത്ത് പൈസ) നല്കിയിട്ടുണ്ട്, ബാക്കി ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു.

(സി) ആലപ്പുഴ, പത്തനംതിട്ട, തൃശ്ശൂർ, കണ്ണൂർ എന്നീ ജില്ലകളിലായി 99,73,677 രൂപ കുടിശ്ശികയുണ്ട്. ബാക്കി ജില്ലകളിലെ വിവരം ശേഖരിച്ചു വരുന്നു.

(ഡി) ഇപ്പോൾ വ്യക്തമായി പറയുവാൻ നിവൃത്തിയില്ല.

Government Gazettes

426. [614] **Shri Stephen Padua** : will the Minister for Co-operation be pleased to state :

The reasor for the delay in the despatch of Government Gazettes ?

Answer

The delay is due to the following reasons :

(i) The Press had to attend to certain time limit items of work like printing of ration cards for which no additional staff were sanctioned.

(ii) During Assembly session the capacity of the press is being fully utilized for that purpose and the regular work of printing of Gazette is held up.

(iii) When the press is engaged in printing the budget items of work the printing of Gazette is delayed.

സംസ്ഥാനത്തെ അംഗനവാടികൾ

427. [615] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തുള്ള അംഗനവാടി വർക്കർമാരുടേയും, ഹെൽപ്പർമാരുടേയും ജില്ലതിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ബി) അംഗനവാടികളുടെ എണ്ണം കൂട്ടുന്നതിനെ സംബന്ധിച്ച വല്ല നിർദ്ദേശവും സർക്കാരിന്റെ സജീവ പരിഗണനയിലുണ്ടോ ?

ഉത്തരം

(എ) അംഗനവാടി വർക്കർമാരുടേയും ഹെൽപ്പർമാരുടേയും ജില്ല തിരിച്ചുള്ള കണക്ക് താഴെ ചേർക്കുന്നു :

ജില്ല	അംഗനവാടി വർക്കർമാരുടെ എണ്ണം	അംഗനവാടി ഹെൽപ്പർമാരുടെ എണ്ണം
(1)	(2)	(3)
തിരുവനന്തപുരം	678	678
കൊല്ലം	769	769
പത്തനംതിട്ട	112	112

LIBRARY ARCHIVES Kerala Legislative Assembly